ജി(4) 16511/18.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി:- 22.08.2019.

**<u>സർക്കുലർ നം. 33 /19</u>**

വിഷയം:- സഹകരണവകുപ്പ് - കാലവർഷക്കെടുതി - നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സർക്കുലർ നം. 43/18.
2. സർക്കാരിൽ നിന്നും ലഭിച്ച 17.8.2019 ലെ പി.എസ് 1/378/19/സഹ.നം.കത്ത്.

കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് സൂചന (2) പ്രകാരം സർക്കാരിൽ നിന്നും ലഭിച്ച നിർദ്ദേശപ്രകാരം ദുരിതാശ്വാസ നിധിയിലേക്ക് ലഭിക്കുന്ന സംഭാവനകൾ കൈമാറി നൽകുന്നതിന് സഹകരണബാങ്കുകൾ ഈടാക്കുന്ന കമ്മീഷനുകൾ, എക്സ്ചേഞ്ച് ചാർജ്ജുകൾ എന്നിവ ഒഴിവാക്കേണ്ടതും, ദുരിതബാധിതർക്ക് ദുരിതാശ്വാസമായി സർക്കാർ നൽകുന്ന തുക ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നിക്ഷേപിക്കുന്ന അക്കൗണ്ടുകളിൽ മിനിമം ബാലൻസ് സൂക്ഷിയ്ക്കണമെന്ന നിബന്ധന ഒഴിവാക്കുന്നതിനും എല്ലാ സഹകരണ സംഘങ്ങൾക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതും, ആവശ്യമായ നടപടി സ്വീകരിയ്ക്കേണ്ടതുമാണ്.

(ഒപ്പ്)
ഡോ. പി.കെ. ജയശ്രീ. ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:- 1. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.
2. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
(ജോയിന്റ് രജിസ്ട്രാർ/ ഡയറക്ടർ (ജനറൽ/ആഡിറ്റ്) മുഖേന.
4.എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന )
5. സ്റ്റോക്ക് ഫയൽ.
6. വെബ് സൈറ്റ്.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)(I/C)

ബി